കുറഞ്ഞുപോകുന്നത്. അരിയാക്കി തരാനായിട്ട് റൈസ് മിൽ ഉടമകൾ തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ ഏജൻസികൾ ശേഖരിക്കുന്ന നെല്ല് അരിയാക്കുന്നതിനാവശ്യമായ രീതിയിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ മൂന്ന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ നെൽകർഷകമേഖല കുറെക്കൂടി സജീവമാക്കുന്നതിനും കർഷകന് കുറച്ചുകൂടി ഉയർന്ന വരുമാനം ലഭ്യമാക്കുന്നതിനുള്ള സാധ്യതകളുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. മുരളി : സർ, അങ്ങ് പറഞ്ഞ ഓരോ കാര്യങ്ങളേയും ഞാൻ സ്വാഗതം ചെയ്യുന്നു. ഈ പ്രവർത്തനങ്ങളൊക്കെ ത്വരിതപ്പെടുത്തണമെങ്കിൽ ഇതിന് നേതൃത്വം കൊടുക്കണമെങ്കിൽ ശ്യാമസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ നമ്മുടെ നെൽ വികസന ഫണ്ടുണ്ടാകണം. അതുപോലെ ഒരു പാഡി ബോർഡുണ്ടാകണം. അതിനെക്കുറിച്ച് അങ്ങ് ഒരു പ്രഖ്യാപനം നടത്തുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾതന്നെ നെൽകൃഷിയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ ഫണ്ടുണ്ട്. അതിന്റെ പോരായ്മയുണ്ടെങ്കിൽ തീർച്ചയായും ഈ കാര്യം ഗവൺമെന്റ് ചർച്ചചെയ്തിട്ട് അടുത്ത സാമ്പത്തിക വർഷത്തേക്കാവശ്യമായി വരുന്ന ഫണ്ട് ഉൾപ്പെടുത്തുന്നതിന് സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഗവൺമെന്റ് ചെയ്യും. അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ നെൽകൃഷി വികസന ബോർഡ് രൂപീകരിക്കും.

(2) ഇൻഷ്വറൻസ് മേഖലയിലെ സ്വകാര്യവൽക്കരണംമൂലം വികസന പ്രവർത്തനങ്ങളിൽ സംസ്ഥാനം നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ ഒരു നടപടിയുടെ ഗൗരവമായ സ്ഥിതിയിലേക്ക് ഞാൻ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഇൻഡ്യൻ ജനത ശക്തമായ പ്രതിഷേധത്തെ തൃണവൽഗണിച്ചുകൊണ്ട് കഴിഞ്ഞ ഡിസംബർ 2-ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സഹായത്തോടെ ബി.ജെ.പി. ഗവൺമെന്റ് ഇൻഷ്വറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്പ്മെന്റ് അതോറിറ്റി ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി. ഇൻഷ്വറൻസ് മേഖലയിൽ വിദേശ മുതലാളിമാർക്ക് പങ്കാളിത്തം അനുവദിക്കാൻ വ്യവസ്ഥയുള്ള ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ബിൽ കോൺഗ്രസ്സ് ഇതര പ്രതിപക്ഷ കക്ഷികളുടെ ശക്തമായ പ്രതിഷേധവും വാക്കൗട്ടും അവഗണിച്ചാണ് പാസ്സാക്കിയത്. ഈ ബില്ലിനെതിരെ പതിനഞ്ച് ലക്ഷത്തോളം തൊഴിലാളികൾ ഒപ്പുവെച്ച പരാതിയും അധികൃതർക്ക് സമർപ്പിച്ചിരുന്നു. ആ പരാതിയും അവഗണിക്കപ്പെടുകയാണുണ്ടായത്. ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനും വിദേശ ഓഹരി പങ്കാളിത്തം അനുവദിക്കുകവഴി രാജ്യത്തിന്റെ പരമാധികാരം പണയംവയ്ക്കുകയാണ് ഇൻഡ്യാ ഗവൺമെന്റ് ചെയ്തത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഇൻഷ്വറൻസ് മേഖലയെ ബഹുരാഷ്ട്രകുത്തകൾക്ക് വിൽക്കുകവഴി നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് വിദേശത്തേക്ക് കൊണ്ടുപോകാനുള്ള വാതിൽ തുറന്നുകൊടുക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഫലത്തിൽ ചെയ്തത്. ഇൻഷ്വറൻസ് വ്യവസായം ദേശസാൽക്കരിച്ചത് ഇൻഡ്യൻ സാമ്പത്തിക മേഖലയിലെ സുപ്രധാനമായ ഒരു കാൽവെയ്പായിരുന്നു. ഇരുന്നൂറ്റിയമ്പതോളം സ്വകാര്യ കമ്പനികൾ നടത്തിവന്ന തട്ടിപ്പും വെട്ടിപ്പും സഹിക്കവയ്യാതെ വന്നപ്പോഴാണ് 1956-ൽ ലൈഫ് ഇൻഷ്വറൻസ് വ്യവസായവും 1971-ൽ ജനറൽ ഇൻഷ്വറൻസ് വ്യവസായവും ദേശസാൽക്കരിച്ചത്. ഇൻഷ്വറൻസ് വ്യവസായം ദേശസാൽക്കരിച്ചുകൊണ്ട് അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന സി.ഡി. ദേശ്മുഖ് പാർലമെന്റിൽ നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. അതിലൊരു ഭാഗം ഇങ്ങനെയാണ്. " ചില ഇൻഷ്വറൻസ് കമ്പനികളിൽ നടത്തുന്ന ക്രമക്കേടുകൾ സഭാംഗങ്ങൾ അറിഞ്ഞിരിക്കണം. ബോംബെയിൽനിന്നുള്ള ഒരു കമ്പനിയിൽ നിന്ന് 30 ലക്ഷം രൂപയ്ക്കുള്ള സർക്കാർ സെക്യൂരിറ്റികൾ നഷ്ടമായിരിക്കുന്നു. കൽക്കത്തയിൽനിന്നും 15 ലക്ഷം രൂപ വീതം നഷ്ടമായ രണ്ട് കേസ്സും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഉത്തർപ്രദേശിലെ ഒരു കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ 12 ലക്ഷം രൂപയാണ് മുക്കിയത്. കഴിഞ്ഞ പത്തുവർഷത്തിൽ 25 കമ്പനികൾ അടച്ചുപൂട്ടി. 14 കമ്പനി ഉടമകൾ മുങ്ങി. 128 പണദുരുപയോഗ കേസ്സുകളുണ്ടായി. ഡാൽമിയയുടെ ഭാരത ഇൻഷ്വറൻസ് കമ്പനി മാത്രം 56 ലക്ഷം രൂപയുടെ വെട്ടിപ്പ് നടത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള തട്ടിപ്പുകളും തിരിമറികളും കൃത്രിമവും തടയാൻ തന്നെയാണ് എന്റെ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിനാണ് സർക്കാരിന്റെ ഇൻഷ്വറൻസ് ഓർഡിനൻസ് ഇറക്കിയത്. ഈ ലക്ഷണങ്ങളെല്ലാം 1956-ലെ കണക്കാണെന്ന് ഓർക്കണം. ഈ ദേശ്മുഖിന്റെ അനുയായികളായ കോൺഗ്രസ്സുകാരാണ് ഈ പൊതുമേഖലാസ്ഥാപനത്തെ തട്ടിപ്പുകാർക്കും വെട്ടിപ്പുകാർക്കും തിരിച്ചുകൊടുക്കാൻ ബി.ജെ.പി. ഗവൺമെന്റിനെ സഹായിച്ചത്. 5 കോടി രൂപ ഗവൺമെന്റ് മുതൽമുടക്കിൽ സ്ഥാപിച്ച എൽ.ഐ.സി.ക്ക് ഇപ്പോൾ 1,32,764 കോടി രൂപയും 21.5 കോടി രൂപ മുടക്കുള്ള ജി.ഐ.സി.ക്ക് 48,680 കോടി രൂപയുമാണ് ആസ്തി ആയിട്ടുള്ളത്. ജനോപകാരപ്രദമായ പദ്ധതികൾക്ക് എൽ.ഐ.സി നിക്ഷേപിച്ച മൊത്തം തുക 80,945 കോടി രൂപയാണ്. ഏതെങ്കിലും ഒരു വിദേശ കമ്പനി ഈ ദൗത്യം ഏറ്റെടുക്കാൻ ഭാവിയിൽ തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഏഴാം പഞ്ചവൽസര പദ്ധതിക്ക് 12,969 കോടി രൂപയും എട്ടാം പദ്ധതിക്ക് 56,097 കോടി രൂപയുമാണ് ഇൻഷ്വറൻസ് മേഖല സമാഹരിച്ചത്. ഒമ്പതാം പദ്ധതിക്ക് എൽ.ഐ.സി ഒരുലക്ഷം കോടി രൂപയും ജി.ഐ.സി. മുപ്പതിനായിരം കോടി രൂപയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ലാഭം മാത്രം ഇച്ഛിച്ച് നടക്കുന്ന വിദേശ കുത്തക മുതലാളിമാർ ഈ തുക നമ്മുടെ രാജ്യത്തിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുമെന്ന് നമുക്ക് ചിന്തിക്കാൻ സാദ്ധ്യമല്ല. കേരളത്തിലെ കുടിവെള്ള വിതരണം, ഗതാഗതം, പൊതുജനാരോഗ്യം എന്നിവയ്ക്ക് കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും ലഭ്യമാക്കുന്നത്. സേവനരംഗത്ത് ഇൻഡ്യയിലെ ഇൻഷ്വറൻസ് വ്യവസായം ഒന്നാം സ്ഥാനത്താണ്. വിദേശ ഇൻഷ്വറൻസ് കമ്പനികൾ കേവലം 40% ക്ലെയിമുകൾ കൊടുത്തു തീർക്കുമ്പോൾ എൽ.ഐ.സി 97 ശതമാനവും ജി.ഐ.സി. 76 ശതമാനവുമാണ് ക്ലെയിമുകൾ കൊടുക്കുന്നത്. ദേശസാൽക്കരണത്തിനുമുമ്പ് ഇത് ഇൻഡ്യയിൽ കേവലം 25 ശതമാനം മാത്രമായിരുന്നു. ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള പ്രീമിയമാണ് എൽ.ഐ.സി.ക്കുള്ളത്. ആഗോളവൽക്കരണത്തിന്റെ പേരിൽ അമേരിക്കയെപ്പോലുള്ള വിദേശരാജ്യങ്ങൾ ഇൻഡ്യയിൽ ഇൻഷ്വറൻസ് മേഖല തുറന്നുകൊടുക്കാൻ ആവശ്യപ്പെടുമ്പോൾ അമേരിക്കയിലെ ഇൻഷ്വറൻസ് കമ്പനികൾ 97 ശതമാനവും അവരുടെ കമ്പനികൾതന്നെയാണ് നടത്തുന്നത്. എൽ.ഐ.സി.

LIBRARY ARCHIVES Kerala Legislative Assembly

യുടെ മൊത്തം നിക്ഷേപത്തിന്റെ 87 ശതമാനവും പൊതുമേഖലയിലും സഹകരണമേഖലയിലുമാണ്. ജനങ്ങളുടെ സമ്പാദ്യം ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയെന്നുള്ളതാണ് എൽ.ഐ.സി.യുടെ ലക്ഷ്യം. ഈ മേഖല സ്വകാര്യവൽക്കരിച്ചതുകൊണ്ട് വികസന പ്രവർത്തനങ്ങളാണ് സ്തംഭിക്കാൻ പോകുന്നത്. 1956 മുതൽ 1999 വരെ എൽ.ഐ.സി കേന്ദ്രസർക്കാരിന് 1663 കോടി രൂപ ലാഭവിഹിതമായി നൽകിയിട്ടുണ്ട്. 1988-89-ൽ മാത്രം എൽ. ഐ.സി. 238 കോടി രൂപ ലാഭവിഹിതം നൽകിയിട്ടുണ്ട്. 1998-99 വർഷത്തിൽ എൽ.ഐ.സി. കേന്ദ്രസർക്കാരിന് നൽകിയ ആദായ നികുതി 727 കോടി രൂപയാണ്. ഭവനനിർമ്മാണ പദ്ധതികൾക്ക് 9353 കോടി രൂപയും കുടിവെള്ള പദ്ധതികൾക്ക് 1808 കോടി രൂപയും ഗതാഗതത്തിന് 378 കോടി രൂപയും ഈ പൊതുമേഖലാസ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്. ഈ മേഖലകളെല്ലാം തന്നെ കോടിക്കണക്കിന് സ്വകാര്യകമ്പനികൾക്ക് വിൽക്കാനാണ് കേന്ദ്രഗവൺമെന്റും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുംകൂടി ചേർന്ന് തീരുമാനിച്ചത്. എൽ. ഐ.സി. യെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ നേതാവ് ശ്രീ. വയലാർ രവി കേരള കൗമുദി പത്രത്തിൽ എഴുതിയ ലേഖനത്തിലെ ഒരു പ്രസക്തമായ ഭാഗം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻഡ്യയിലെ ഇൻഷ്വറൻസ് മേഖലക്ക് ഒരു ചരിത്രമുണ്ട്. ദേശസാൽക്കരണത്തിലേക്ക് നയിച്ച കഥ-നമ്മുടെ പാർലമെന്റിനെ കിടിലംകൊള്ളിച്ച അത്യുജ്ജ്വലമായ പ്രസംഗത്തിലൂടെ ഫിറോസ് ഗാന്ധി മുംദ്ര കുംഭകോണത്തിന്റെ ചുരുൾ നിവർത്തിയപ്പോൾ തെറിച്ചു വീണത് കൃഷ്ണനാചാരിയുടെ മന്ത്രികസേരയായിരുന്നു. മണിക്കൂർ നീണ്ടുനിന്ന പ്രസംഗം നിർന്നിമേഷനായി കേട്ടിരുന്ന പണ്ഡിറ്റ്ജി തന്റെ ജാമാതാവിന്റെ പ്രാഗൽഭ്യത്തിൽ അഭിമാനം കൊണ്ടിരിക്കണം. അങ്ങനെ സ്വകാര്യ കമ്പനികൾ അടച്ചുപൂട്ടി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ജന്മമെടുത്തു. ഇൻഷ്വറൻസ് ദേശസാൽക്കരണ നിയമം 1956-ൽ പാർലമെന്റ് പാസ്സാക്കിയത് അങ്ങനെയാണ്. ഇതേ വയലാർ രവി അടക്കമുള്ള കോൺഗ്രസ്സ് നേതാക്കന്മാരാണ് പണ്ഡിറ്റ്ജിയുടെ പൊതുമേഖലാസ്ഥാപനത്തെ മുഴുവൻ തന്നെ വിദേശ മുതലാളിമാർക്ക് പണയംവയ്ക്കുന്ന നിയമത്തിന് രണ്ട് കൈയും പൊക്കി പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിലെ വികസന പ്രവർത്തനങ്ങളെയാണ് ഈ നിയമം കാര്യമായി ബാധിക്കുന്നത്. നമ്മുടെ കുടിവെള്ള പദ്ധതികൾക്ക് മുഴുവൻതന്നെ കോടികണക്കിന് രൂപയാണ് എൽ.ഐ.സി. യിൽനിന്നും നമുക്ക് ലഭിക്കുന്നത്. നിരവധി ജീവനക്കാരുടെ ജീവിതത്തെക്കൂടി ബാധിക്കുന്ന പ്രശ്നമാണിത്. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതിൽ നിന്ന് പിന്തിരിയാൻ ഇൻഡ്യാ ഗവൺമെന്റിന്റെ മേൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ നമ്മുടെ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നിയമസഭയുടെ ഒറ്റക്കെട്ടായ പ്രതിഷേധ ശബ്ദം ഇൻഡ്യാ ഗവൺമെന്റിനെ അറിയിക്കാനും ഇൻഡ്യാ ഗവൺമെന്റിനെ ഈ നടപടിയിൽനിന്നും പിൻതിരിക്കാനുമാവശ്യമായ പ്രവർത്തനം നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ സഭയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എൽ.ഐ.സി. സ്വകാര്യവൽക്കരിച്ചിട്ടില്ല. എന്നാൽ ഇൻഷ്വറൻസ് മേഖല വിദേശ, ആഭ്യന്തര, സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കാൻ തീരുമാനിച്ചതുവഴി ഇന്ന് വികസന പ്രവർത്തനങ്ങൾക്ക് എൽ.ഐ.സി, ജി.ഐ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ തുടർന്ന് ലഭിക്കുമെന്ന് ഉറപ്പ് പറയാൻ സാധിക്കുകയില്ല.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാഘവൻ : കേരളത്തിലെ വികസന പ്രവർത്തനങ്ങളെക്കൂടി പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : പ്രതിഷേധം അറിയിക്കാൻ തയ്യാറാണ്.

V. സബ്മിഷൻ

(1) പട്ടാഴി വടക്കേക്കര വില്ലേജിലെ കൃഷ്ണൻകുട്ടിയുടെ മരണം

ശ്രീ. കെ. പ്രകാശ് ബാബു : സർ, പത്തനാപുരം മണ്ഡലത്തിലെ പട്ടാഴി വടക്കേക്കര പഞ്ചായത്തിലെ മാടൻതുരുത്ത് ഹരിജൻ കോളനിയിലെ കൃഷ്ണൻകുട്ടി 1999 ജനുവരി മാസം കൊല ചെയ്യപ്പെട്ടതാണ്. ഒരു വർഷമായിട്ടും ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ഒരു തുമ്പും കണ്ടെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഈ കൊലപാതകം സംബന്ധിച്ചുള്ള അന്വേഷണം ക്രൈംബ്രാഞ്ചിനെയോ മറ്റ് ഏതെങ്കിലും ഏജൻസിയേയോ ഏൽപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പട്ടാഴി വടക്കേക്കര വില്ലേജിൽ മാടൻതുരുത്ത് കോളനിയിലെ പാറവിള വീട്ടിൽ കൃഷ്ണൻകുട്ടി 8.1.99-ന് രാവിലെ പത്തനാപുരം വടക്കഞ്ചേരി ഓമനക്കുട്ടൻപിള്ളയുടെ റബ്ബർ പുരയിടത്തിൽ മരിച്ചുകിടന്നിരുന്നു. ഇതുസംബന്ധിച്ച് പത്തനാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 12/99 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഴുകിത്തുടങ്ങിയ മൃതശരീരത്തിൽ മരണകാരണമായ മുറിവുകൾ ഇല്ലെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറയുന്നു. വിസറയുടെ രാസപരിശോധന ഫലം കിട്ടിയാൽ മാത്രമേ മരണകാരണം വ്യക്തമാകുകയുള്ളൂ. കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്താൻ ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) വിധവകളായ താൽക്കാലിക ജീവനക്കാർക്ക് ഗവൺമെന്റ് വകുപ്പുകളിൽ സ്ഥിരം നിയമനം

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, എനിക്ക് നന്ദിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അങ്ങയിലൂടെ നിവേദനരൂപത്തിൽ എനിക്കൊരു കാര്യം അറിയിക്കാനുണ്ട്. പ്രത്യേക പരിഗണനകൾ നൽകി താൽക്കാലിക ജീവനക്കാരിൽ പല വിഭാഗത്തിൽപ്പെട്ടവർക്കും ഗവൺമെന്റ് സ്ഥിരം നിയമനം നൽകി വരുന്നുണ്ട്. വികലാംഗ വർഷം പ്രമാണിച്ച് താൽക്കാലിക ജീവനക്കാരായ വികലാംഗരിൽ ചിലർക്ക് സ്ഥിരം നിയമനം നൽകിയത് ഉദാഹരണമാണ്. വിധി വൈപരീത്യം കൊണ്ട് വിധവകളായി മാറിപ്പോയ അനവധി സ്ത്രീകൾ നമ്മുടെ നാട്ടിൽ കണ്ണീരോടെ കാലം കഴിച്ചു കൂട്ടുന്നു. പ്രത്യേകിച്ച് യുവ വിധവകൾ, പിഞ്ചുകുഞ്ഞുങ്ങളെ മാറോടടക്കിപ്പിടിച്ച്, പൈശാചികമായി പല്ലിളിക്കുന്ന ഭാവിയുടെ വെല്ലുവിളിയെ നേരിടാനാകാതെ നീറുന്ന നിസ്സഹായത വാരിവിഴുങ്ങേണ്ടി വരുന്നവർ. നെടുനാളത്തെ കണ്ണീരുനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭിക്കുന്ന ഒരു താൽക്കാലിക നിയമനത്തിന്റെ വയ്ക്കോൽ തുരുമ്പിൽ പിടിച്ചുനിൽക്കുന്ന അവരിൽ പലരും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly